LIBRARY ARCHIVES Kerala Legislative Assembly

കടൽ മത്സ്യസമ്പത്തിനെ നശിപ്പിക്കുന്ന തരത്തിലുള്ള മത്സ്യബന്ധനം തടയാൻ നടപടി

*19 [521] ശ്രീ. ടി. എൻ. പ്രതാപൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. ബാബു:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽമത്സ്യ സമ്പത്തിനെ നശിപ്പിക്കുന്ന തരത്തിലുള്ള മത്സ്യബന്ധനം സംസ്ഥാനത്തിന്റെ തീരക്കടലിലും പുറംകടലിലും നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിധത്തിലുള്ള മത്സ്യബന്ധനം മൂലമാണ് ഈ വിധത്തിലുള്ള മത്സ്യസമ്പത്ത് നശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള മത്സ്യബന്ധനം തടയുവാനുള്ള നിയമം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിലുള്ള മത്സ്യബന്ധനം നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യാത്തതിനുള്ള കാരണം വിശദീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) കടൽ അടിത്തട്ടിനോട് ചേർന്ന മത്സ്യബന്ധനം (ബോട്ടം ട്രോളിംഗ്) മൂലമാണ് മത്സ്യസമ്പത്ത് നശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഗവൺമെന്റ് പ്രസ്സുകളിലുള്ള സംവിധാനം

*20 [522] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുവാനുള്ള സംവിധാനം ഗവൺമെന്റ് പ്രസ്സുകളിൽ നിലവിലുണ്ടോ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സുകൾക്ക് നൽകണമെന്ന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഗുണനിലവാരം മെച്ചപ്പെട്ട തരത്തിൽ പാഠപുസ്തകങ്ങളുടെ അച്ചടി നടത്താൻ ആവശ്യമായ സംവിധാനം സർക്കാർ പ്രസ്സുകളിൽ നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) 40 ലക്ഷത്തോളം പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുവാനുള്ള സംവിധാനം ഗവൺമെന്റ് പ്രസ്സുകളിൽ നിലവിലുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതിയുടെ യോഗത്തിൽ സർക്കാർ പ്രസ്സുകൾക്ക് പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 30 ലക്ഷത്തോളം പാഠപുസ്തകങ്ങളുടെ അച്ചടി അച്ചടിവകുപ്പിനെ ഏൽപ്പിക്കാൻ പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലുണ്ട്.

മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകൾ

*21 [523] ശ്രീ. കെ. ബാബു:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, പി. ജെ. ജോയി:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകൾ ഏതെല്ലാമാണ് എന്ന് അറിയിക്കുമോ;

(ബി) ഈ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(സി) ഇവർക്ക് ക്രമമായി തൊഴിൽ ലഭിക്കുന്നുണ്ടോ;

(ഡി) ഇവർക്ക് തൊഴിൽ ലഭ്യമല്ലാത്ത അവസരങ്ങളിൽ സഹായം നൽകുന്നുണ്ടോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകൾ താഴെപ്പറയുന്നവയാണ്:

1. മത്സ്യവിപണന വിതരണക്കാർ.
2. വല നിർമ്മാണം.
3. ചെമ്മീൻ വളർത്തൽ.
4. ചെമ്മീൻ പീലിംഗ്.
5. ഐസ് നിർമ്മാണം.
6. മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും.
7. മത്സ്യസംസ്കരണവും കയറ്റുമതിയും

LIBRARY ARCHIVES Kerala Legislative Assembly